


പൂമുള്ളി ആറാം തമ്പുരാൻ

# പൂമുള്ളി ആറാം തമ്പുരാൻ; ഒരേയൊരു തമ്പുരാൻ



ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി

"എല്ലാ തമ്പ്രാക്കളും തമ്പ്രാക്കളല്ല, ആഴ്‌വാഞ്ചേരി തമ്പ്രാക്കളാണ് യഥാർത്ഥ തമ്പ്രാക്കൾ..." എന്നു പണ്ട് പണ്ട് സാക്ഷാൽ പാക്കനാർ പറഞ്ഞു എന്ന ഒരു കഥ കേട്ടിട്ടില്ലേ? അതുപോലെ ഇന്ന്, കേരളത്തിന്റെ വർത്തമാന കലാ-സാംസ്കാരിക ചരിത്രത്തിനോടു ചോദിച്ചാൽ നിസ്സംശയം പറയും: "എല്ലാ തമ്പുരാനും തമ്പുരാനല്ല. പൂമുള്ളി തമ്പുരാനാണ് തമ്പുരാൻ... ഒരേയൊരു തമ്പുരാൻ..."

അത് നേര്. പക്ഷേ, ചരിത്രത്തിനോട് ചോദിക്കുന്നതിനുമുമ്പ്, ഞാൻ എന്റെ ഓർമ്മച്ചെപ്പ് ഒന്നു തുറന്നു നോക്കട്ടെ; ഒളിമങ്ങാത്ത ഓർമ്മകളുടെ വർണ്ണവളപ്പൊട്ടുകൾ മനസിലിട്ടു കിലുക്കി നോക്കട്ടെ, കൺനിറയെ കണ്ടുനോക്കട്ടെ.

പൂമുള്ളി കുഞ്ഞനുജൻ നമ്പൂതിരിപ്പാട്, ആറാം തമ്പുരാൻ, അറിവിന്റെ തമ്പുരാൻ, കുഞ്ഞഫൻ തമ്പുരാൻ, കുഞ്ഞനിയൻ തമ്പുരാൻ, പുണ്ണ്യമ്പ്രാൻ, തമ്പുരാൻ.. വിശ്വസിക്കൂ, ഇപ്പറഞ്ഞവരെല്ലാം ഒരാളാണ്, അഥവാ ഒരേ ഒരാൾമാത്രമാണ്! ബ്രഹ്മശ്രീ പൂമുള്ളി നീലകണ്ഠൻ നമ്പൂതിരിപ്പാട്, അറിവിന്റെ ഭണ്ഡാരപ്പുര.

എന്റെ തമ്പുരാൻ- അങ്ങിനെ വിശ്വസിക്കാനും പറയാനും എഴുതാനും എന്തോ അന്നും ഇന്നും എനിക്ക് വിശേഷിച്ചൊരു ഉത്സാഹം!

അറിയാം, ഇത് ഒരുപക്ഷേ, എന്റെമാത്രം അനുഭവമായിരിക്കില്ലെന്നറിയാം. എന്നെപ്പോലെ പലർക്കും ആറാം തമ്പുരാൻ, 'എന്റെ തമ്പുരാൻ' തന്നെയാവാം. ആവാം എന്നല്ല ആണ്.

ഏതു മദയാനയേയും ചൂണ്ടുവിരലിൻതുമ്പത്ത് തളച്ചിട്ടിരുന്ന സാക്ഷാൽ വാഴക്കുന്നം വാസുദേവൻ നമ്പൂതിരിയുടെ കീഴിൽ ഗജപരിപാലനം, പരിശീലനം തുടങ്ങിയ വിഷയങ്ങളിൽ ആധികാരിക ഗ്രന്ഥമായ മാതംഗലീല കമ്പോടുകമ്പ് പഠിച്ച്, മന:പാഠമാക്കിയ തമ്പുരാൻ. ഈ വിഷയത്തിൽ പകരം വയ്ക്കാനില്ലാത്ത 'പാലകാപ്യം' എന്ന ആധികാരിക ഗ്രന്ഥത്തിലും അഗാധമായ അവഗാഹം നേടി. ഇതിനൊക്കെ പുറമെ, വേദം, വേദാന്തം, യാഗാദിയജ്ഞങ്ങൾ എന്നുവേണ്ട സ്വയം വായിച്ചും പഠിച്ചും ഹൃദിസ്ഥമാക്കിയ വിഷയങ്ങളും ഏറെയാണ്.അറിവുനേടുന്നതിലുപരി മറ്റുള്ളവർക്കു പകർന്നുകൊടുക്കുന്നതിലും അവസാന നാളുകൾവരെ വിശേഷിച്ചൊരു ഉത്സാഹമുണ്ടായിരുന്നു തമ്പുരാന്.

ഗുരുനാഥന്മാരിൽ നിന്ന് പഠിച്ചതും സ്വയം കൈവരിച്ചതുമായ ഈ വിശ്വവിശാലമായ ജ്ഞാനവിജ്ഞാനങ്ങളെപ്പറ്റി കേട്ട് അമ്പരന്നു ഞാൻ ഒരു ദിവസം സവിനയം ഇങ്ങനെ ചോദിച്ചു: "തമ്പുരാൻ തീരെ അറിഞ്ഞുകൂടാ, അഥവാ പഠിച്ചിട്ടില്ല എന്നു പറയുന്ന ഏതെങ്കിലും വിഷയങ്ങളുണ്ടോ?"

അൽപനേരം അകലെയെങ്ങോ നോക്കി, എന്തോ ആലോചിച്ചു പറഞ്ഞ മറുപടി ഇതായിരുന്നു: "അങ്ങിനെ ചോദിച്ചാൽ ഞെരുക്കാവും... എന്നു തന്ന്യാ തോന്നണത്. പിന്നെ വേണംച്ചാൽ ഒന്നു പറയാം. ഈ ജ്യോതിഷവിഷയത്തിൽ ഞാൻ അത്രയ്ക്ക് ആഴത്തിൽ പോയിട്ടില്ല.. കൈവെച്ചിട്ടില്ല എന്നല്ല... അതുപോലെ വ്യാകരണവും..."

വ്യാകരണമായാലും ജ്യോതിഷമായാലും, തമ്പുരാൻ കൈവയ്ക്കാത്തതായി ഒന്നുമില്ലെന്നതാണ് സത്യം. പ്രയോഗിച്ചിട്ടില്ല എന്നു പറയുന്നതാവും നന്നാവുക എന്ന് എനിക്കറിയാം.

തമ്പുരാന്റെ എഴുപത്തിരണ്ടാം പിറന്നാൾ പെരിങ്ങോട് ഹൈസ്കൂൾ അങ്കണത്തിൽ ആഘോഷിക്കുന്നവേളയിൽ ഒരു രസമുണ്ടായി. മൂന്നുദിവസം രാപ്പകലില്ലാതെ നീണ്ടുനിന്ന തകർപ്പൻ പരിപാടികൾ. ഏതു സമ്മേളനത്തിനും

തിങ്ങിനിറഞ്ഞ സദസ്സ്.
കൂട്ടത്തിലൊരു ദിവസം വൈകുന്നേരം. ശ്രദ്ധേയമായ സാംസ്കാരിക സമ്മേളനം. തമ്പുരാന്റെ കൈവശമുള്ള അത്യപൂർവ്വങ്ങളായ ഏതാനും താളിയോലകളും പ്രാചീന ഗ്രന്ഥങ്ങളും തിരൂരിലെ തുഞ്ചൻ സ്മാരകത്തിന് കൈമാറുന്ന ഒരു പ്രധാന ചടങ്ങും ഇതോടൊപ്പമുണ്ടായിരുന്നു. ഗ്രന്ഥങ്ങളും മറ്റും ഏറ്റുവാങ്ങാൻ തുഞ്ചൻസ്മാരക സമിതി പ്രസിഡന്റ് എം.ടി. വാസുദേവൻ നായർ നേരത്തേ എത്തിയിരുന്നു.
പ്രസംഗിക്കാൻ കമ്യൂണിസ്റ്റ് നേതാക്കളായ ഇ.പി. ഗോപാലൻ, കൊളാടി ഗോവിന്ദൻകുട്ടി എന്നിവർക്കുപുറമെ ഒരു ഇടതുപക്ഷ സംസ്കൃതപണ്ഡിതനുമുണ്ടായിരുന്നു.
അത്രയും വിലപ്പെട്ട പ്രാചീനകൃതികളും ഗ്രന്ഥങ്ങളും താളിയോലകളും ഏറ്റുവാങ്ങി തമ്പുരാന്റെ സന്മനസ്സിനും ഔദാര്യത്തിനും നന്ദി പറഞ്ഞുകൊണ്ട് എം.ടി. ങ്ങൾ ഒരുപക്ഷെ തമ്പുരാൻ കണ്ടിരിക്കാനിടയില്ലെന്നും പറഞ്ഞുവെച്ചു!
സദസ്സിലിരുന്ന ഞങ്ങൾ അറിയാതെ മുഖാമുഖം നോക്കിപ്പോയി. തമ്പുരാൻ ചുട്ടമറുപടി പറയാതിരിക്കുമോ?
ഞങ്ങൾ പ്രതീക്ഷിച്ചതുതന്നെ സംഭവിച്ചു. തമ്പുരാൻ മറുപടി പറഞ്ഞു:
"ഇദ്ദേഹം ചില പ്രാചീന ഗ്രന്ഥങ്ങളെപ്പറ്റിയും സംഹിതകളെപ്പറ്റിയുമൊക്കെ പറയ്ണ്ടായി.. കൂട്ടത്തിൽ ഞാൻ അതൊന്നും കണ്ടിരിക്കാനിടയില്ലെന്നും പറഞ്ഞുകേട്ടു. എന്നാൽ ഉള്ള വസ്തുതയല്ലേ പറയ്യേ, ഇദ്ദേഹം പറഞ്ഞ ആ രണ്ട് ഗ്രന്ഥങ്ങളും പതിനേഴോ പതിനെട്ടോ വയസുള്ളപ്പോൾ ഞാൻ തിരിച്ചും മറിച്ചും വായിച്ച് മടക്കിക്കെട്ടി വച്ചവയാണ്... പിന്നെ ചില സംഹിതകളുടെ കാര്യം.. എന്റെ അഭിവന്ദ്യ ഗുരുനാഥനായ ചെറുകളപ്രത്തിന്റെ ശ്രദ്ധയിൽപ്പെടാത്ത ഒരു സംഹിത ഇതുവരെയുണ്ടായിട്ടില്ല; ഇനി ഉണ്ടാവോന്ന് ചോദ്യം:
"അതാവില്ല. ബ്രാഹ്മണോ- ഭോജനപ്രിയ എന്നാവില്ലേ? അഥവാ അങ്ങനെയായിക്കൂടേ?"
ഭാഷ സംസ്കൃതമായ സ്ഥിതിയ്ക്ക് അങ്ങിനേയും ഒരർത്ഥം പറയാം എന്നായി പണ്ഡിതൻ. അപ്പോൾ അങ്ങിനെയല്ല, "ബ്രാഹ്മണോ- ഭോജ-ന- പ്രിയ" എന്നായിക്കൂടേ എന്നു തമ്പുരാൻ.
പിന്നെ ഏറെ താമസമുണ്ടായില്ല, ആ പണ്ഡിതൻ തിടുക്കത്തിൽ സ്ഥലംവിട്ടു.

തമ്പുരാന്റെ വാക്കുകൾക്കു മുന്നിൽ വലുപ്പ ചെറുപ്പമൊന്നുമുണ്ടായിരുന്നില്ല. ആരോടും തന്റെ അഭിപ്രായം തുറന്നു പറയും. ഒരിക്കൽ തമ്പുരാനെ കാണാൻ ചെന്നപ്പോൾ ഒരുകൂട്ടം പറഞ്ഞു:
"ഏയ് കൃഷ്ണൻകുട്ടി, രണ്ടുദിവസം മുമ്പ്, തന്റെ ജനുസ്സിൽപ്പെട്ട ഒരു വിദ്വാൻ ഇവിടെ കയറി വര്ണ്ടായി.. എന്താ പേര്?" അസാരം ആലോചിച്ച


പൂമുള്ളി മന

പ്രസംഗിച്ചു: "പ്രിയപ്പെട്ട തമ്പുരാൻ, ഇവയിലൊന്നുപോലും കൈമോശം വരില്ല; പഠന- ഗവേഷണങ്ങൾക്കായി തുഞ്ചൻ സ്മാരകത്തിലെത്തുന്നവർക്ക് കൈവിളക്കാവുകയും ചെയ്യും."
സിപിഐ. നേതാവായ ഇ.പി. ഗോപാലന്റെ പ്രസംഗം നർമ്മരസം തുളുമ്പുന്നതായിരുന്നു. കൊളാടി ഗോവിന്ദൻകുട്ടിയുടെ പ്രസംഗം അർത്ഥഗർഭമായിരുന്നു.
കൂട്ടത്തിൽ ഇടതുപക്ഷക്കാരനായ പണ്ഡിതൻ ഒരു പണി പറ്റിച്ചു. പാഞ്ഞാളിൽ ഏറെ ഒച്ചപ്പാടുണ്ടാക്കിയ, അതിരാത്രം തുടങ്ങുംമുമ്പ് തിരി കൊളുത്തിയ ഒരു തർക്കവിതർക്കത്തിലൂടെ ഏറ്റുമുട്ടിക്കൊണ്ടാണ് താൻ തമ്പുരാനെ പരിചയപ്പെടുന്നത് എന്നും പ്രാചീന സംഹിതകൾ അടങ്ങുന്ന ചില അപൂർവ്വ ഗ്രന്ഥങ്ങളെ ആധാരമാക്കിയാണ് തന്റെ വാദഗതികൾക്ക് രൂപം നൽകിയതെന്നും പറഞ്ഞു ആ പണ്ഡിതൻ, ഈ ഗ്രന്ഥ നിശ്ചല്യ. ഞെരുക്കാണ്.. ആ സംഹിതകളൊക്കെ ചെറുപ്പത്തിൽത്തന്നെ ഗുരുമുഖത്തുനിന്ന് ഞാൻ പഠിച്ചിട്ടുണ്ട്. അന്ന് പക്ഷേ, ഈ പണ്ഡിതൻ ജനിച്ചിട്ടുണ്ടാവില്ല. അതുകൊണ്ടാവും ഈ സംശയം."
എന്നാൽ തമ്പുരാന്റെ ഇരുതലമൂർച്ചയുള്ള രസികത്തം പിന്നേയും ആ പണ്ഡിതനെ പിടികൂടി. സമ്മേളനം കഴിഞ്ഞ്, പെരിങ്ങോട് ഹൈസ്കൂളിന്റെ പൂമുഖത്ത് ചുടക്കനെ ചായ പലഹാരാദികൾ കഴിയ്ക്കാനിരുന്നപ്പോൾ ആ പണ്ഡിതനോട് തികച്ചും നിഷ്കളങ്കമായ ഭാവത്തിൽ തമ്പുരാൻ ഒരു സംശയം ചോദിച്ചു: "അല്ലേയ്, ബ്രാഹ്മണോ ഭാജന പ്രിയ എന്നു പറയാറുണ്ടല്ലോ. എന്താ അതിന്റെ ആന്തരം?"
"അതും വളരെ വ്യക്തമല്ലേ? ബ്രാഹ്മണന്മാർ ഭോജനപ്രിയന്മാരാണ് എന്നു തന്നെ."- പണ്ഡിതൻ അത്രയും പറഞ്ഞപ്പോൾ തമ്പുരാന്റെ അടുത്ത ശേഷം തമ്പുരാൻ പേര് പറഞ്ഞു. പുതിയ തലമുറയിലെ ശ്രദ്ധേയനായ ഒരു സംഗീതജ്ഞൻ, ഗാനരചയിതാവ്, സംഗീതസംവിധായകൻ, ഗായകൻ, തമ്പുരാന്റെ ആരാധകൻ, പിന്നെ എന്റെ സുഹൃത്തും.
"എന്തിനേ വന്നത്?"- ഞാൻ ആരാഞ്ഞു.
"ഏയ്, വിശേഷിച്ചൊന്നൂണ്ടായിട്ടല്ല, ഈ വഴിയ്ക്കു പോകുമ്പോൾ ഒന്നു കയറി എന്നുമാത്രം."
"ആട്ടെ അദ്ദേഹം പാട്ടു വല്ലതും പാടിയോ?"
എന്റെ സ്വാഭാവികമായ സംശയം. തമ്പുരാൻ പറഞ്ഞ മറുപടി: "പാട്ടു പാട്ണ്ടായോ? നല്ല നിശ്ചല്യ. ദാ, അവിടെയങ്ങിനെ ഇരുന്നിട്ട് എന്തോ ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചിരുന്നു..."
കുറേയേറെ പേരും പെരുമയുമുള്ള ഒരു സൂപ്പർ സിനിമാനടനും ഏതാണ്ടിതുപോലെ ഒരനുഭവമുണ്ടായി. തമ്പുരാനെപ്പറ്റി സംവിധായകൻ ലോഹിതദാസ്



പറഞ്ഞറിഞ്ഞ് കാണാൻ വന്നതായിരുന്നു അദ്ദേഹം. ശരിയ്ക്കും താരപരിവേഷത്തോടെയായിരുന്നു വരവ്. പലതും ചോദിച്ച കൂട്ടത്തിൽ, സിനിമയിൽ അഭിനയിക്കുന്നതിനുമുമ്പ് ഈ വിഷയത്തിൽ എവിടെയെങ്കിലും എന്തെങ്കിലും പഠിച്ചിട്ടുണ്ടോ എന്ന് തമ്പുരാൻ ആരാഞ്ഞു.
യാതൊന്നും പഠിച്ചിട്ടില്ല. നേരെ കയറി വന്ന് അഭിനയിക്കുകയായിരുന്നു എന്ന് മറ്റൊന്നും ഓർക്കാതെ നടൻ മേനി പറഞ്ഞു. ഉടനെ ഊറിച്ചിരിച്ചുകൊണ്ട് തമ്പുരാന്റെ ചോദ്യം: "അപ്ലേയ്, ചോദിയ്ക്കാന്നേള്ളൂ.. ഈ സിനിമയില് അഭിനയിക്കാൻ പഠിപ്പും പരിശീലനവും പരിചയവുമൊക്കെ വേണം എന്ന് പറയുന്നത് ശുദ്ധ ഭോഷ്കാണ് അല്ലേ? പറഞ്ഞുകേട്ട സ്ഥിതിയ്ക്ക് പഠിപ്പും പരിചയവുമൊക്കെ അയോഗ്യതയാണെന്നുണ്ടോ?"
ഇതിനൊക്കെ നേർ വിപരീതമായിരുന്നു പ്രശസ്ത നടനായ നെടുമുടി

എന്തിനധികം പറയുന്നു വേണുവിനെ തമ്പുരാന് ക്ഷ പിടിച്ചു. അക്കാര്യം, ഒരുനാൾ സന്ദർഭവശാൽ എന്നോടു പറഞ്ഞതിങ്ങനെ: "തന്റെ വേണു വന്നിരുന്നു ഇവിടെ. നെടുമുടി.. നെടുമുടി... മിടുക്കനാ.. മിടുമിടുക്കനാ.. ച്ചാൽ ആ വിദ്വാനൊരു രസികനാ..."

വേണുവിന്റെ കൂടിക്കാഴ്ച. കാവാലത്തിന്റെ കളരിയിൽ നിന്ന് കിട്ടിയ അറിവും അനുഭവവും രംഗപരിചയവും മറ്റും തമ്പുരാനോട് വേണു സവിനയം വിവരിച്ചു. "വല്ലാതെ ബുദ്ധിമുട്ടിയിട്ടുണ്ട്. താൻ കൈകാര്യം ചെയ്ത ഓരോ കഥാപാത്രത്തെയും കാണുമ്പോൾ, ചെയ്തത് പോരാ പോരാ എന്നു തോന്നാറുണ്ട്... പിന്നെ, അഭിനയത്തിനുപുറമെ നാടൻപാട്ട്, കൊട്ട്, മൃദംഗ വായന എന്നിങ്ങനെ പല വിഷയങ്ങളിലും കൈവെച്ചിട്ടുണ്ട്..."
എന്തിനധികം പറയുന്നു വേണുവിനെ തമ്പുരാന് ക്ഷ പിടിച്ചു. അക്കാര്യം, ഒരുനാൾ സന്ദർഭവശാൽ എന്നോടു പറഞ്ഞതിങ്ങനെ: "തന്റെ വേണു വന്നിരുന്നു ഇവിടെ. നെടുമുടി.. നെടുമുടി... മിടുക്കനാ.. മിടുമിടുക്കനാ.. ച്ചാൽ ആ വിദ്വാനൊരു രസികനാ..."
മറ്റൊരു രംഗം കൂടി പറയാം. പെരിങ്ങോട്ട് ഉത്സവപ്രതീതി ജനിപ്പിച്ച ഒരു സാംസ്കാരിക ജൂബിലി സമ്മേളനം. ഹൈസ്കൂളിൽ വച്ചാണ് സംഭവം. രാഷ്ട്രീയനേതാവ്, മാതൃഭൂമിയുടെ മാനേജിംഗ് ഡയറക്ടർ, പ്രഭാഷകൻ, എഴുത്തുകാരൻ എന്നീ നിലകളിലെല്ലാം പ്രസിദ്ധനും പ്രഗത്ഭനുമായ എം.പി. വീരേന്ദ്രകുമാറാണ് മുഖ്യാതിഥി. ആറാംതമ്പുരാനും വീരേന്ദ്രകുമാറും അടുത്തടുത്ത സുഹൃത്തുക്കൾ. പരസ്പരം ബഹുമാനാദരങ്ങളുള്ളവർ. സമ്മേളനത്തിനു മുന്നോടിയായി ആന, പഞ്ചവാദ്യം, പെൺകിടാങ്ങളുടെ താലപ്പൊലി എന്നിവയുടെ അകമ്പടിയോടെ വിശിഷ്ടാതിഥിയെ പെരിങ്ങോട് സെന്ററിൽ നിന്ന് ഹൈസ്കൂളിലേക്ക് സ്വീകരിച്ചാനയിക്കുന്ന ഘോഷയാത്ര. നല്ല ജനക്കൂട്ടം. ഭാരവാഹികൾക്കുപുറമെ, സമ്മേളനാധ്യക്ഷനായ തമ്പുരാനുമുണ്ട് മുൻനിരയിൽ. ഘോഷയാത്ര ഹൈസ്കൂളിലെത്താറായപ്പോഴേക്കും ആൾക്കൂട്ടം പെരുകിപ്പെരുകി വരുന്നു. എല്ലാം കണ്ടും ആസ്വദിച്ചും ആത്മാർത്ഥമായ വിനയത്തോടെ വീരേന്ദ്രകുമാർ, ആറാം തമ്പുരാനോട് ചോദിച്ചു:
"തമ്പുരാൻ, എനിയ്ക്കു ഇത്ര ഗംഭീരമായ സ്വീകരണമൊക്കെ വേണോ? ഇതൊരു വലിയ ഘോഷയാത്രപോലെ...?"
ഉടനെ വന്നു തമ്പുരാന്റെ പ്രതികരണം: "ഏയ് വീരേന്ദ്രകുമാറ്.. അതുപ്പൊ ഒന്നേള്ളൂ.. ഇവിടുത്തെ ഒരു പതിവു സമ്പ്രദായാണ് ഇത്. ഏതു വഷളൻ വന്നാലും ഇങ്ങനെയാണ്... എന്താച്ചാൽ ആന ഇവിടെണ്ട്.. പഞ്ചവാദ്യം നന്നായി കൊട്ട്ണ കുട്ടികളൂണ്ട്..."
ഈ സംഭവം എന്നോടു പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞത് മറ്റാരുമല്ല, സാക്ഷാൽ വീരേന്ദ്രകുമാർ തന്നെ.
(അടുത്ത ലക്കത്തിൽ തമ്പുരാന്റെ ആനക്കഥകൾ)